**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1165 05-03-2020 -ൽ മറുപടിക്ക്

**ജനകീയ ദുരന്ത പ്രതിരോധ സേന**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | പ്രളയം,ചുഴലിക്കാറ്റ് എന്നിവ പോലുള്ള പ്രകൃതിദുരന്തങ്ങൾ അടിക്കടി ഉണ്ടാകുന്ന സാഹചര്യത്തിൽ ജനകീയ ദുരന്ത പ്രതിരോധ സേന രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ) | ഉണ്ട്. സർക്കാർ ഉത്തരവ് (സ. ഉ. (കൈ) നം. 01/2020/പൊഭവ. 01.01.2020) പ്രകാരം ജനകീയ ദുരന്ത പ്രതിരോധ സേന രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത സേനയുടെ പ്രധാന ചുമതലകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | ബി) | 100 പേർക്ക് ഒരാൾ എന്ന നിലയ്ക്ക് പ്രതിരോധ സേന ഉണ്ടാകും. ദുരന്ത / അപകട സമയത്തു പ്രതികരിക്കേണ്ടതെങ്ങനെയെന്ന് പരിശീലനം നൽകുകയും അതിലൂടെ കൂടുതൽ തയ്യാറെടുക്കുകയും ചെയ്യുക എന്നതാണ് ഉദ്ദേശിക്കുന്നത്. |
| സി) | പ്രസ്തുത സേനയിൽ എത്രപേരെ ഉൾക്കൊള്ളിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | സി) | ശരാശരി 3,40,000 പേരെയാണ് ഉൾക്കൊള്ളിക്കാൻ തീരുമാനിച്ചിരിക്കുന്നത്. |
| ഡി) | ദുരന്ത പ്രതിരോധത്തിനായി ഇവർക്ക് എപ്രകാരമുള്ള പരിശീലനമാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ? | ഡി) | സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി സഹകരിച്ചു കൊണ്ട് സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളെ നേരിടുന്ന തരത്തിലുള്ള പ്രാഥമിക പരിശീലനമാണ് ആദ്യഘട്ടത്തിൽ നൽകുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ